പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 834 | 20.03.2013 ൽ മറുപടിയ്ക്ക്

## ഭൂജല ലഭ്യതയുടെ സാധ്യതാപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി..ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂജല ലഭ്യതയുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയതെന്നും പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ; | ബി) കേന്ദ്ര ഭൂജലബോർഡും സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായിട്ടാണ് പഠനം നടത്തുന്നത്. പ്രസ്തുത പഠനറിപ്പോർട്ടിൽ 2009 വരെയുള്ള ഭൂജല സ്ഥിതി ആകെ വാർഷിക ഭൂജല സംഭോഷണം 6.620 ബിസിഎം ഉം ആകെ ഭൂജല ലഭ്യത 6.09 ബിസിഎം ഉം എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൻ പ്രകാരം ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും, 22 ബ്ലോക്കുകൾ സെമി ക്രിട്ടിക്കലായും തരം തിരിച്ചിട്ടുണ്ട്. 126 ബ്ലോക്കുകൾ സേഫ് ആയും തരം തിരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കാസർഗോഡ് ജില്ലയിലെ ഭൂജല ലഭ്യതയുടെ സാധ്യത സംബന്ധിച്ച് പ്രസ്തുത പഠന റിപ്പോർട്ടിലുള്ള വിശദാംശങ്ങൾ അറിയിക്കുമോ ? | സി) | ആകെ വാർഷിക ഭൂജല സംഭോഷണം 363.60 എംസിഎം, ആകെ ഭൂജല ലഭ്യത 327.24 എംസിഎം, നിലവിലെ ഭൂജല ഉപയോഗം (ടോട്ടൽ ഡ്രാഫ്റ്റ്) 233.33 എംസിഎം എന്ന് ആകുന്നു.<br>കാസർഗോഡ് ജില്ലയിലെ ആകെ ഭൂജല ഉപയോഗനിലവാരം 71.30% ആകുന്നു. ഇതിൻ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് ''സേഫ്'' ആയും കാസർഗോഡ് ബ്ലോക്ക് ''ക്രിട്ടിക്കലായും'' മഞ്ചേശ്വരം ബ്ലോക്ക് ''സെമി ക്രിട്ടിക്കലായും'' നീലേശ്വരം ബ്ലോക്ക് ''സേഫ്'' ആയും തരംതിരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ